ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

E-mail: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ 10775/എം.എ.ഇ 3/2017/നി.സെ.

31.08.2021.
തിരുവനന്തപുരം,

**താല്പര്യപത്രത്തിനുള്ള തിരുത്തൽ വിജ്ഞാപനം**

സൂചന:- 11.08.2021-തീയതിയിലെ 10775/എം.എ.ഇ 3/2017/നി.സെ. നമ്പർ താല്പര്യപത്രം

നിയമസഭാ ഹോസ്റ്റലിലെ പമ്പാ ബ്ലോക്കിന്റെ പുനർനിർമ്മാണത്തിന് മുന്നോടിയായി പ്രസ്തുത ബ്ലോക്കിൽ മുറികൾ അനുവദിക്കപ്പെട്ട ബഹു . സാമാജികർക്ക് താമസസൗകര്യം ഒരുക്കുന്നതിനായി നിയമസഭാ സമുച്ചയത്തിന്റെ 5 കി.മീ. പരിധിയ്ക്കുള്ളിൽ കുറഞ്ഞത് 18 2BHK/3BHK ഉള്ള ഫ്ലാറ്റ് സമുച്ചയം വാടകയ്ക്ക് നൽകുന്നതിനായി ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള കെട്ടിട നിർമ്മാതാക്കൾ , വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സൂചന പ്രകാരം താല്പര്യപത്രം ക്ഷണിച്ചിരുന്നു.

പ്രസ്തുത താല്പര്യ പത്രത്തിലും ആയതിനായി പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച വിൻഡോ പരസ്യത്തിലും നൽകിയിരുന്ന നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റ് വിലാസം www.keralaniyamasabha.org എന്നതിനുപകരം www.niyamasabha.org എന്ന് തിരുത്തി വായിക്കേണ്ടതാണ്. ആയതിൻപ്രകാരം താല്പര്യപത്രം സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 08.09.2021-ന് രാവിലെ 11.00 മണിയായി ദീർഘിപ്പിച്ചിട്ടുണ്ട്. ലഭ്യമാവുന്ന താല്പര്യപത്രങ്ങൾ 09.09.2021-ന് രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സെക്രട്ടറിയുടെ ഓഫീസ് മുറിയിൽ വെച്ച് തുറന്നു പരിശോധിക്കുന്നതും, തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ തുറന്നു പരിശോധിക്കുന്ന ദിവസം അവധിയാകാൻ ഇടയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 11.00 മണിക്ക് ആയത് തുറന്ന് പരിശോധിക്കുന്നതാണ്.

താല്പര്യപത്രം ഏതൊരു ഘട്ടത്തിലും മാറ്റങ്ങൾ വരുത്തുന്നതിനോ , പിൻവലിക്കുന്നതിനോ, ലഭ്യമായ ഓഫറുകൾ യാതൊരു കാരണവും കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള അധികാരം നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കും . ലഭ്യമാകുന്ന താല്പര്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ ചുരുക്ക പട്ടിക തയ്യാറാക്കുന്നതിനുള്ള എല്ലാ അവകാശങ്ങളും നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കും.

**വിലാസം**

സെക്രട്ടറി,
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
വികാസ്ഭവൻ പി.ഒ.
തിരുവനന്തപുരം - 695 033

സെക്രട്ടറി

Contact Number : 0471 2512206, 9497171040
0471 2512207, 9446112307
Website : www.niyamasabha.org